സബർബൻ റെയിൽവേ

61 (407) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സബർബൻ റെയിൽവേയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; എന്നേത്തേക്ക് ഇത് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സബർബൻ റെയിൽവേ നടപ്പിലാക്കുന്നതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റെയിൽവേ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ഹരിപ്പാട് വരെ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും MEMU/EMU റേക്കുകൾ ഉപയോഗിച്ചു സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 1-1-2013-ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ കമ്പനിയെ ഏൽപ്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയ ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി, 50% തുല്യ പങ്കാളിത്തത്തിൽ സംസ്ഥാന സർക്കാരും ഇൻഡ്യൻ റെയിൽവേയും കൂടി ചേർന്ന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടഭ്യർത്ഥിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെയും ഇൻഡ്യൻ റെയിൽവേയുടെയും എല്ലാ വിധത്തിലുമുള്ള അനുമതിയും ലഭിക്കുന്ന തീയതി മുതൽ 3 വർഷംകൊണ്ട് പദ്ധതി രൂപീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

റെയിൽവേ സുരക്ഷിതത്വം

62 (408) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേയിവേ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നും ഇത് സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റെയിൽവേ ഉപയോഗിക്കുന്ന ബോഗികൾ വർഷങ്ങളുടെ പഴക്കമുള്ളതും സുരക്ഷിതവുമല്ലെന്ന ആക്ഷേപത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) യഥാസമയം സുരക്ഷാ ജോലികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ജീവനക്കാർ റെയിൽവേയിൽ ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതുമൂലം വൻദുരന്തങ്ങൾ സംഭവിക്കാനുള്ള സാദ്ധ്യതകളെക്കുറിച്ച് മനസ്സിലാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉറപ്പ് വരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70%-നുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർ ഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേയ്ക്ക് അയയ്ക്കുമ്പോൾ അവിടെനിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും മുൻപ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേയ്ക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ അടിയന്തരമായി പരിഗണിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു :

(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണമെന്നും

(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്നും

(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണമെന്നും

(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണമെന്നും

തുടർന്ന്, റിപ്പയറിംഗിനായി നൽകുന്ന കോച്ചുകൾത്തന്നെ മടക്കി ലഭിച്ചു തുടങ്ങിയിട്ടുണ്ടെന്ന് റെയിൽവേ അറിയിച്ചു

LIBRARY ARCHIVES Kerala Legislative Assembly

2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റെയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014-ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്.

(സി) നിലവിലുള്ള റെയിൽവേ മാനദണ്ഡമനുസരിച്ച് ആവശ്യമായ ജീവനക്കാരെ ഇക്കാര്യത്തിനായി നിയോഗിച്ചിട്ടുണ്ട് എന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

പുതിയ റെയിൽവേപ്പാതകളുടെ തുടർപ്രവൃത്തികൾ

63 (409) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ റെയിൽപ്പാതകൾക്കായി സർവ്വേകൾ നടത്തുന്നുണ്ടെങ്കിലും അവയൊന്നും നടപ്പിലാക്കുന്നതിനുള്ള തുടർപ്രവൃത്തികൾ നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ ;

(സി) സർവ്വേകൾ പൂർത്തിയാക്കിയശേഷം തുടർ പ്രവൃത്തികൾ നടത്തുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വേ പൂർത്തിയാക്കിയ ഏതെങ്കിലും റെയിൽവേ പാതയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്.

(സി) കാലാകാലങ്ങളായി റെയിൽവേ പ്രഖ്യാപിക്കുന്ന പുതിയ റെയിൽവേ ലൈനുകൾക്കുള്ള സർവ്വേ പൂർത്തീകരിച്ച് റെയിൽവേ ബോർഡിന് സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ സാമ്പത്തിക മെച്ചം (Economic viablity) നേടുന്നതിനുള്ള ന്യായീകരണങ്ങൾ ഉൾക്കൊള്ളുന്നവയ്ക്കാണ് സാധാരണയായി റെയിൽവേ അംഗീകാരം നൽകുന്നത്. അങ്ങനെ അംഗീകാരം ലഭിക്കുന്ന പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ ഫണ്ടിന്റെ ദൗർലഭ്യം ബാധിക്കാറുണ്ട്. പുതിയ ലൈനുകളുടെ അലൈൻമെന്റ് അന്തിമമായി തീരുമാനിക്കുന്നതും സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുന്നതും ഇത്തരം പദ്ധതികളുടെ നടത്തിപ്പിനെ ബാധിക്കുന്ന മറ്റ് കാരണങ്ങളാണ്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly